# കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - കൊച്ചി നഗരസഭ - അംഗൻവാടി കെട്ടിട നിർമ്മാണം - പൂണിത്തുറ വില്ലേജിലെ സർവ്വേ 352/2 (ഭാഗം)-ൽപ്പെട്ട 72 ച.മീ. (0.72 ആർ) സ്ഥലം പൊന്നും വിലയ്ക്കെടുക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 1189/2009/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, മേയ് 20, 2009.

---

പരാമർശം: 1. കൊച്ചി നഗരസഭയുടെ 12-06-2008-ലെ 51-ാം നമ്പർ കൗൺസിൽ തീരുമാനം.

2. കൊച്ചി നഗരസഭാ സെക്രട്ടറിയുടെ 19-12-2008-ലെ കെ.ആർ.പി.2-1154/08 നമ്പർ കത്ത്.

3. നഗരകാര്യ ഡയറക്ടറുടെ 04-04-2009-ലെ ജി.3-11382/09 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കൊച്ചി നഗരസഭയുടെ പരാമർശം (1)-ലെ തീരുമാനത്തിന്റേയും പരാമർശം (2)-ലെ അപേക്ഷയുടേയും നഗരകാര്യ ഡയറക്ടറുടെ പരാമർശം (3)-ലെ ശുപാർശയുടേയും അടിസ്ഥാനത്തിൽ, നഗരസഭയിലെ 51-ാം ഡിവിഷനിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 101-ാം നമ്പർ അംഗൻവാടിയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി പൂണിത്തുറ വില്ലേജിൽ സർവ്വേ 352/2 (ഭാഗം)-ൽപ്പെട്ട 72 ച.മീ. (0.72 ആർ) സ്ഥലം പൊന്നും വിലയ്ക്കെടുക്കുന്നതിന്, അക്വിസിഷൻ സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക, വ്യവഹാര ബാധ്യതകൾ ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ കൊച്ചി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.അനിൽകുമാർ,
അണ്ടർ സെക്രട്ടറി.

To

സെക്രട്ടറി,കൊച്ചി നഗരസഭ, എറണാകുളം.

ജില്ലാ കളക്ടർ, എറണാകുളം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ)/ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Radh

സെക്ഷൻ ഓഫീസർ.